**Registered A/D**

**ഉത്തരമേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ**

നഗരകാര്യ വകുപ്പ് - ഉത്തരമേഖലാ കാര്യാലയം, കോഴിക്കോട് - കണ്ണൂർ നഗരസഭയിൽ ചട്ടവിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. എൻ.പി. പ്രദീപിന്റെ രജിസ്ട്രേഷൻ (Reg.No. E-2050/08/5931/KKD/58/2014/SA) സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

നമ്പർ ഇ-921/2018

കോഴിക്കോട്, തിയ്യതി, 21/05/2019

==========================================

പരാമർശം:- 1) കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 23/01/18, 31/5/2018 തിയ്യതികളിലെ ഇ6/ബി.എ./694/2017-18 നമ്പർ കത്തുകൾ

2) ശ്രീ. പ്രദീപ്. എൻ.വി. യ്ക്ക് ഈ ഓഫീസിൽ നിന്നും 30/11/18 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3) ശ്രീ. പ്രദീപ്.എൻ.വി.യുടെ 17/12/2018 ലെ മറുപടി

4) ശ്രീ. പ്രദീപ്. എൻ.വി. 18/01/2019 ന് നഗരകാര്യ ഉത്തരമേഖല ജോയിന്റ് ഡയറക്ടർ മുമ്പാകെ നേരിട്ട് ഹാജരായി നൽകിയ മൊഴി

---------

**ഉത്തരവ്**

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ വാർഡ് -6, റീ. സർവ്വേ നമ്പർ - 928/1 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. കോറോത്ത് ഈരായിന്റവിട അഫ്സൽ എന്നയാൾക്കുവേണ്ടി കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായി താങ്കൾ കെ.എം.ബി.ആർ. ന് വിരുദ്ധമായി പ്ലാൻ സമർപ്പിച്ച സാഹചര്യത്തിൽ ആയത് പ്ലാൻ സമർപ്പിച്ച ലൈസൻസിക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശുപാർശ ചെയ്തിരുന്നു. ആയതിനെത്തുടർന്ന് കെ.എം.ബി.ആർ. ചട്ടം 153(7), (8) ന് വിധേയമായി പരാമർശം (2) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് പരാമർശം (3) പ്രകാരം മറുപടി സമർപ്പിക്കുകയും പരാമർശം (4) പ്രകാരം റീജിയനൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മുമ്പാകെ നേരിൽ ഹാജരായി മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

മേൽ പരാമർശിച്ച പ്ലാനിൽ നിർദ്ദിഷ്ട പ്ലോട്ടിന്റെ തെക്കു ഭാഗത്തുള്ള റോഡിന് മാസ്റ്റർ പ്ലാൻ പ്രകാരം 21 മീറ്റർ റോഡ് വൈഡനിംഗ് നിർദ്ദേശം ഉണ്ടായിരുന്നിട്ടും ആയത് രേഖപ്പെടുത്താതെയാണ് പ്ലാൻ സമർപ്പിച്ചത്. കൂടാതെ വസ്തുവിന് പടിഞ്ഞാറ് വശത്തുള്ള വഴിക്കും പ്ലോട്ടിനും ഇടയിൽ ഉള്ള സ്വകാര്യ വസ്തുവിന്റെ വിവരങ്ങൾ പ്ലാനിൽ കാണിക്കാതെ ആദ്യം പ്ലാൻ സമർപ്പിക്കുകയും നഗരസഭയിൽ നിന്നുള്ള നിർദ്ദേശ പ്രകാരം പ്രസ്തുത അപാകത പരിഹരിച്ച് പ്ലാൻ വീണ്ടും സമർപ്പിക്കുകയും ചെയ്തിട്ടും പ്രസ്തുത പ്ലാനിലും അംഗപരിമിതർക്കുള്ള ടോയ്ലറ്റ് സംബന്ധിച്ച സൗകര്യങ്ങളിൽ ചട്ടം ലംഘിച്ചതായി കാണുന്നു.

മാസ്റ്റർ പ്ലാൻ പ്രകാരമുള്ള 21 മീറ്റർ റോഡ് വൈഡനിംഗ് ഉള്ള വിവരം പ്ലാൻ സമർപ്പിച്ചതിന് ശേഷം മാത്രമാണ് അറിയാൻ കഴിഞ്ഞതെന്നും കൂടാതെ അംഗപരിമിതർക്കുള്ള സൗകര്യം പ്ലാനിൽ ഉൾപ്പെടുത്തുന്നതിൽ ചെറിയ അശ്രദ്ധ സംഭവിച്ചിട്ടുണ്ടെന്നും മേൽ അപാകതകൾ ബോധപൂർവ്വമല്ലാതെ സംഭവിച്ചതാണെന്നും മേൽ വീഴ്ചകൾ മാപ്പാക്കണമെന്നും പരാമർശം (3), (4) പ്രകാരം ടിയാൻ അപേക്ഷിക്കുകയുമുണ്ടായി.

മേൽ വിഷയവുമായി ബന്ധപ്പെട്ട് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ നിസ്സാരമല്ലാത്ത ചട്ടലംഘനങ്ങളോടെയാണ് ടിയാൻ കെട്ടിട നിർമ്മാണത്തിനായി പ്ലാൻ സമർപ്പിച്ചിട്ടുള്ളത് എന്ന് കാണുന്നതിനാൽ ടിയാന്റെ മറുപടി അംഗീകരിക്കാനാവില്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നു. 1999-ലെ കെ.എം.ബി.ആർ ചട്ടം 153(3) പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും സൈറ്റ് പരിശോധന നടത്തി അതിരുകൾ ബോധ്യപ്പെട്ടതിനുശേഷം മാത്രം തയ്യാറാക്കേണ്ടതാണെന്നിരിക്കേ ആയതിന്റെ ലംഘനമെന്നോണം പ്ലോട്ടിന്റെ തെക്കു ഭാഗത്തുള്ള റോഡിന്റെ 21 മീറ്റർ റോഡ് വൈഡനിംഗ് നിർദ്ദേശം മാനിക്കാതെയും വസ്തുവിന് പടിഞ്ഞാറുവശത്തുള്ള സ്വകാര്യ വസ്തു ഉൾപ്പെടുത്താതെയും പ്ലാൻ തയ്യാറാക്കി സമർപ്പിച്ചത് ടിയാന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ചട്ടം 153(1), (2) എന്നിവ പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും ആക്ടിലേയും ചട്ടങ്ങളിലേയും, അല്ലെങ്കിൽ സർക്കാരോ മുനിസിപ്പാലിറ്റിയോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് പ്ലാനുകളിലും ഡ്രോയിംഗുകളിലും രേഖപ്പെടുത്തി ഒപ്പ് വെക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ കെട്ടിട നിർമ്മാണത്തിന്റെ സംഗതിയിൽ Appendix –A യിൽ തയ്യാറാക്കി സമർപ്പിക്കുന്ന അപേക്ഷയിൽ ഖണ്ഡിക 16 പ്രകാരം കെട്ടിട നിർമ്മാണം അംഗീകൃതമാണെന്ന് ലൈസൻസ്ഡ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി നൽകിയതിൽ പിഴവ് സംഭവിച്ചിട്ടുള്ളതാണ്. ചട്ടം 153(4) പ്രകാരം പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയും ഒപ്പ് വെയ്ക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മയ്ക്കും സത്യാവസ്ഥയ്ക്കും ഉത്തരവാദിയായിരിക്കുന്നതാണ് എന്നതിനാലും മേൽ വിവരിച്ച കാരണങ്ങളാൽ കണ്ടെത്തിയ ചട്ട ലംഘനത്തിന് ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. പ്രദീപ്.എൻ.വി.യുടെ സൂപ്പർവൈസർ - എ രജിസ്ട്രേഷൻ (Reg.No. E-2050/08/5931/KKD/58/2014/SA) 01/06/19 മുതൽ 30/06/2019 വരെയുള്ള കാലയളവിലേയ്ക്ക് ചട്ടം 153(8) പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ. പ്രദീപ് എൻ.വി., 1999 - ലെ കെ.എം.ബി.ആർ. വ്യവസ്ഥ ചെയ്യുന്ന സൂപ്പർവൈസർ - എ യുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാടില്ലാത്തതും സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ ,

സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ചയ്ക്കകം നഗരകാര്യ വകുപ്പിന്റെ കോഴിക്കോട് മേഖലാ കാര്യലയത്തിൽ ഹാജരാക്കേണ്ടതുമാണ്.

കെ. പവിത്രൻ

നഗരകാര്യ റീജിയനൽ ജോയിന്റ് ഡയറക്ടർ(I/C)
കോഴിക്കോട്

ശ്രീ. പ്രദീപ്. എൻ. വി., പൗർണ്ണമി, വയനായി, പള്ളിക്കുന്ന് (പി.ഒ.), കണ്ണൂർ - 670004

പകർപ്പ് :-

1) നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (1999 ലെ കെ.എം.ബി.ആർ. ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി ആമുഖ പത്രം സഹിതം)
2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ പത്രം സഹിതം)
3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ആമുഖ പത്രം സഹിതം)
4) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം / കൊച്ചി
5) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും. .

K.R./30/05

റ
ന
പ്ര
കാ